"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ശ്രീ.രഞ്ജിത്ത് രാജൻ ഫയൽ ചെയ്ത WP(C) 8090/2023 നമ്പർ കേസിൽ ബഹു ഹൈക്കോടതി 09/03/2023-ൽ പുറപ്പെടുവിച്ച വിധിന്യായം- പാലിച്ചുകൊണ്ട് ഉത്തരവു പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (ബി) വകുപ്പ്

സ.ഉ.(സാധാ) നം.167/2023/F&WLD തീയതി,തിരുവനന്തപുരം, 20-04-2023

---

പരാമർശം:-
1. WP(C) 8090/2023 നമ്പർ കേസിൽ 09/03/2023-ലെ ബഹു.ഹൈക്കോടതിയുടെ വിധിന്യായം
2. ഫോറസ്റ്റ് കൺസർവേറ്റർ(സ്പെഷ്യൽ അഫോറസ്റ്റേഷൻ)-ന്റെ 4/2023-ലെ FC3-673/2023 നമ്പർ കത്ത്.

<u>ഉത്തരവ്</u>

ശ്രീ.രഞ്ജിത്ത് രാജൻ (രഞ്ജിത്ത് ഭവൻ, ത്രിവേണി, പേരയം,തിരുവനന്തപുരം) എന്നയാളുടെ ഉടമസ്ഥതയിൽ പനവൂർ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചിരുന്ന പ്ലൈവുഡ് നിർമ്മാണ യൂണിറ്റിന് ലൈസൻസ് അനുവദിക്കുന്നതിനായി ടിയാൻ ഫയൽ ചെയ്ത WP(C) 8090/2023 നമ്പർ കേസിലെ 09/03/2023-ലെ ബഹു.ഹൈക്കോടതി വിധിയിൽ Exhibit P5 ആയി സമർപ്പിച്ച റിവിഷൻ പെറ്റീഷൻ പരിഗണിച്ച് തീർപ്പുകല്പിക്കുന്നതിന് പരാമർശത്തിലെ വിധിന്യായപ്രകാരം ഉത്തരവാകുകയുണ്ടായി.

2) തിരുവനന്തപുരം ജില്ലയിൽ പനവൂർ ഗ്രാമപഞ്ചായത്തിൽ തിരുവനന്തപുരം വനം ഡിവിഷന്റെ പരിധിയിൽ പരാതിക്കാരന്റെ ഉടമസ്ഥതയിലുള്ള ജി.ആർ.എസ് പ്ലൈവുഡ് എന്ന പ്ലൈവുഡ് നിർമ്മാണ യൂണിറ്റിന്റെ ലൈസൻസിനായി ആതറൈസ്ഡ് ഓഫീസറായ തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ മുൻപാകെ അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും, എന്നാൽ കാറ്റഗറി VI - ൽപ്പെടുന്ന ടി സ്ഥാപനം 30.10.2022 - ന് ശേഷം നിലവിൽ വന്നതും റിസർവ്വ് വനത്തിൽ നിന്നും 5 കിലോമീറ്റർ റേഡിയൽ ദൂരത്തിനുള്ളിൽ സ്ഥിതിചെയ്യുന്നതിനാൽ നിലവിലെ ചട്ടങ്ങൾ പ്രകാരം ടി യൂണിറ്റിന് ലൈസൻസിന് യോഗ്യതയില്ലാത്തതിനാൽ ലൈസൻസ് നിരസിച്ചുകൊണ്ട് തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ഉത്തരവാകുകയും, തുടർന്ന് ടിയാൻ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, സതേൺ സർക്കിൾ, കൊല്ലത്തിന് അപ്പീൽ സമർപ്പിക്കുകയും ടി അപ്പീലിൽ അപേക്ഷകനെ നേരിൽ കേൾക്കുകയും തുടർന്ന് ആതറൈസ്ഡ് ഓഫീസറായ തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ലൈസൻസ് നിരസിച്ച നടപടി ശരിവച്ചുകൊണ്ട് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, സതേൺ സർക്കിൾ, കൊല്ലം ഉത്തരവ് പുറപ്പെടുവിച്ചു. ഇതിനെതിരെ പരാതിക്കാരൻ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിൽ, പരാമർശത്തിലെ വിധിന്യായത്തിൽ Exhibit P5 ആയി സമർപ്പിച്ച റിവിഷൻ പെറ്റീഷൻ പരിഗണിച്ച് തീർപ്പുകല്പിക്കുന്നതിന് ഉത്തരവായി.

3) സർക്കാർ, Exhibit P5 ആയി സമർപ്പിച്ച റിവിഷൻ പെറ്റീഷനും ഇതുമായി ബന്ധപ്പെട്ട് ലഭിച്ച റിപ്പോർട്ടും വിശദമായി പരിശോധിച്ചു. പരാതിക്കാരന്റെ ഉടമസ്ഥതയിലുള്ള ജി.ആർ.എസ് പ്ലൈവുഡ് എന്ന സ്ഥാപനം, 2021 ലെ കേരള ഫോറസ്റ്റ് (റെഗുലേഷൻ ഓഫ് സാമിൽ ആൻഡ് അതർ വുഡ് ബേസ്ഡ് ഇൻഡസ്ട്രിയൽ യൂണിറ്റ്) കാറ്റഗറി VI- ൽ ഉൾപ്പെടുന്നതും, 30.10.2022-ന് ശേഷം നിലവിൽ വന്നതും ടി സ്ഥാപനം പ്രവർത്തിക്കുന്നത് ഏറ്റവും അടുത്ത റിസർവ്വ് വനഭൂമിയായ ചെക്കോണം റിസർവ്വ് വനത്തിൽ നിന്നും 5 കിലോമീറ്ററിൽ താഴെ ദൂരത്തിലായതിനാലും , 2021-ലെ കേരള ഫോറസ്റ്റ് (റെഗുലേഷൻ ഓഫ് സാമിൽ ആൻഡ് അതർ വുഡ് ബേസ്ഡ് ഇൻഡസ്ട്രിയൽ യൂണിറ്റ്) ചട്ടം 3(7) പ്രകാരമുള്ള (*Rule 3(7)-No sawmill or other wood based industrial unit established after 30th October, 2002, except the sawmill or other wood based industrial unit owned by the Government/ Government owned public sector undertakings, or any wood based industrial unit mentioned in Category II and Category IX, shall be granted licence to function within a radial distance of five kilometers from the boundary of any nearest notified forests or protected areas having an extent of and above forty hectares, but excluding roadside/railway side/canal side plantations raised under social forestry scheme*) സ്ഥാപനം അല്ലാത്തതിനാലും ശ്രീ.രഞ്ജിത്ത്.ആർ.ജി-ന്റെ ഉടമസ്ഥതയിലുള്ള ജി.ആർ.എസ് പ്ലൈവുഡ് എന്ന സ്ഥാപനത്തിന് ലൈസൻസ് ലഭിക്കുന്നതിനായി Exhibit P5 ആയി സമർപ്പിച്ച റിവിഷൻ പെറ്റീഷൻ നിരസിച്ചുകൊണ്ടും അപ്രകാരം ബഹു. ഹൈക്കോടതിയുടെ WP(C) - 8090/2023 നമ്പർ കേസിലെ 09/03/2023-ലെ ബഹു.ഹൈക്കോടതി വിധി പാലിച്ചു കൊണ്ടും ഉത്തരവ്വ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
T T SURESH
ജോയിന്റ് സെക്രട്ടറി

രഞ്ജിത്ത് രാജൻ, രഞ്ജിത്ത് ഭവൻ, ത്രിവേണി, പച്ച, പാലോട്, പേരയം.പി.ഒ, തിരുവനന്തപുരം - 695 562.
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം. (ആമുഖ കത്ത് സഹിതം)
കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (സ്പെഷ്യൽ അഫോറസ്റ്റേഷൻ) & നോഡൽ ഓഫീസർ),
ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ &ഇ) കേരള, തിരുവനന്തപുരം
വെബ് ആന്റ് ന്യൂ മീഡിയ വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Ravindran C
സെക്ഷൻ ഓഫീസർ
Date: 20-04-2023 16:47:57

പകർപ്പ്: മുഖ്യമന്ത്രിയുടെ ഓഫീസിന് / വനം വന്യജീവി വകുപ്പ മന്ത്രിയുടെ ഓഫീസിന് / വനം വന്യജീവി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ഓഫീസിന് / വനം വന്യജീവി വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ ഓഫീസിന് .